പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2004 07. 07. 2015 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. മസ്ദൂർ നിയമനം.

ചോദ്യം ഉത്തരം

ശ്രീ. റ്റി.വി. രാജേഷ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ. എസ്. ഇ. ബി. മസ്ദൂർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി; എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) 30.09.2013,ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു, ലിസ്റ്റിന്റെ കാലാവധി 29.09.2016ന് അവസാനിക്കും. ഇതുവരെ 1874 ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്. നിലവിൽ ഒരു ജില്ലയിലും ഒഴിവുകൾ ഇല്ല. |
| (ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേയ്ക്ക് യഥാസമയം പ്രമോഷൻ നല്കാത്തതിനാൽ മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടാകുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ലൈൻമാൻ, ഓവർസീയർ തസ്തികകളിലേക്ക് യഥാസമയം പ്രൊമോഷൻ നൽകിവരുന്നുണ്ട്. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഓവർസിയർ തസ്തികയിൽ പ്രമോഷൻ നല്കുന്നതിനുള്ള ഒഴിവുകൾ ആയിട്ടില്ല. ഓവർസിയർ & ലൈൻമാൻ തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് പ്രമോഷൻ നൽകുകയും, ഇങ്ങനെയുണ്ടാകുന്ന മസ്ദൂർ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുകയും ചെയ്തു വരുന്നു. |
| (സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ